പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1124 — 13/06/2013-ൽ മറുപടിയ്ക്ക്

## വികസന പദ്ധതികൾക്കായി മലപ്പുറം ജില്ലയിൽ സ്ഥലം ഏറ്റെടുക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി | | ശ്രീ. അടൂർ പ്രകാശ് (റവന്യുവും കയറും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിവിധ വികസന പദ്ധതികൾക്ക് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിൽ നടക്കുന്ന റവന്യൂ വകുപ്പിന്റെ കീഴിലുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (എ) | മലപ്പുറം ജില്ലയിൽ 49 വികസന പദ്ധതികൾക്ക് ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചു വരികയാണ്. ടി പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | സ്ഥലം ഏറ്റെടുക്കുമ്പോൾ ഭൂമിയും വീടും നഷ്ടപ്പെടുന്നവർക്ക് എന്തെല്ലാം പാക്കേജുകളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ ; | (ബി) | 15-11-2011-ലെ ജി.ഒ. (എം.എസ്) 419/2011/റവ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. |
| (സി) | ഏറ്റെടുക്കുന്ന ഭൂമിയുടെയും മറ്റും വില നൽകുന്നതിന് എത്ര കാലമെടുക്കുമെന്ന് അറിയിക്കുമോ ? | (സി) | ജില്ലാതല പർച്ചേസ് കമ്മിറ്റി ശുപാർശ ചെയ്യുന്ന സ്ഥലവില സംസ്ഥാനതല എംപവേർഡ് കമ്മിറ്റി അംഗീകരിക്കുന്ന മുറയ്ക്ക് ജില്ലാ കളക്ടർമാർ ആവശ്യപ്പെടുന്ന തുക റവന്യൂ വകുപ്പിൽ നിന്ന് അനുവദിച്ച് നൽകുന്നുണ്ട്. കാലതാമസം പരാമാവധി ഒഴിവാക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.